(ബി) റവന്യൂ റിക്കവറി നടപടികളിന്മേലുള്ള സ്റ്റേ ഒഴിവാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതിനും എല്ലാവിധ കുടിശ്ശികകളും പിരിച്ചെടുക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾക്കു പുറമെ വാണിജ്യ നികുതി, റവന്യൂ, രജിസ്ട്രേഷൻ, വനം, മോട്ടോർ വാഹന വകുപ്പുകളുമായി ബന്ധപ്പെട്ട അധിക ധനാഗമ മാർഗ്ഗങ്ങളും മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നു. ഈ നിർദ്ദേശങ്ങൾ പരിഗണിച്ച ശേഷം പുറപ്പെടുവിച്ച 11-10-2013-ലെ 515/13/ധന നമ്പർ ഉത്തരവ് പ്രകാരം റവന്യൂ കുടിശ്ശിക അടിയന്തരമായി പിരിച്ചെടുക്കാനും, നിരുപാധിക സ്റ്റേ ഉത്തരവുകൾ റദ്ദ് ചെയ്യാനും ഭാവിയിൽ നിരുപാധിക സ്റ്റേ അനുവദിക്കാതിരിക്കാനും അഡ്വക്കേറ്റ് ജനറലുമായി ബന്ധപ്പെട്ടുകൊണ്ട് കോടതിയിലുള്ള സ്റ്റേ ഒഴിവാക്കുന്നതിനുള്ള നടപടി കൈക്കൊള്ളാനും എല്ലാ വകുപ്പുതല അപ്പലേറ്റ് അധികാരികളും 3 മാസത്തിനുള്ളിൽ അവർ അനുവദിച്ച സ്റ്റേ തീർപ്പാക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ വകുപ്പിന് കീഴിൽ ചിട്ടി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട ഫീസ് നിരക്കുകൾ വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പിലെ ചില സേവനങ്ങൾക്കുള്ള ഫീസ് നിരക്കുകൾ വർദ്ധിപ്പിച്ചിട്ടുണ്ട്.

**2013-14 സാമ്പത്തിക വർഷം ബഡ്ജറ്റിൽ പ്രതീക്ഷിച്ച സ്റ്റേറ്റ് ടാക്സസ് ആന്റ് ഡ്യൂട്ടീസ്**

205 (547) ശ്രീ. എളമരം കരീം : താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2013-14 സാമ്പത്തിക വർഷം ബഡ്ജറ്റിൽ താഴെപ്പറയുന്ന ഓരോ ഇനത്തിലും പ്രതീക്ഷിച്ച സ്റ്റേറ്റ് ടാക്സസ് ആന്റ് ഡ്യൂട്ടീസ് എത്ര തുകയായിരുന്നു ; നാളിതുവരെ നടപ്പുവർഷം എന്ത് തുക വരവുണ്ടായി ?

1. ടാക്സസ് ഓൺ അഗ്രിക്കൾച്ചർ ഇൻകം
2. ലാന്റ് റവന്യൂ
3. സ്റ്റാംപ്സ് ആന്റ് രജിസ്ട്രേഷൻ
4. സ്റ്റേറ്റ് എക്സൈസ്
5. സെയിൽസ് ടാക്സ് ആന്റ് വാറ്റ്
6. ടാക്സസ് ഓൺ വെഹിക്കിൾസ്
7. ടാക്സസ് ഓൺ ഗുഡ്സ് ആന്റ് പാസ്സഞ്ചേഴ്സ്
8. ടാക്സസ് ഓൺ ഡ്യൂട്ടീസ് ഓൺ ഇലക്ട്രിസിറ്റി
9. അദർ ടാക്സ് ഓൺ ഡ്യൂട്ടീസ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

**ഉത്തരം**

2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം സ്റ്റേറ്റ് ടാക്സസ് ആന്റ് ഡ്യൂട്ടീസ് ഇനത്തിൽ പ്രതീക്ഷിച്ച ആകെ വരുമാനം, അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 31-10-2013 വരെ ലഭിച്ച യഥാർത്ഥ വരുമാനം എന്നിവയുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**നടപ്പുസാമ്പത്തിക വർഷത്തിലെ വരവുചെലവുകൾ**

206 (548) ശ്രീമതി കെ. എസ്. സലീഖ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പുസാമ്പത്തികവർഷം എന്തു തുകയുടെ വരുമാനവും ചെലവുകളുമാണ് ലക്ഷ്യമിട്ടിരുന്നത് ;

(ബി) ഇതിൽ നാളിതുവരെ എന്തുതുക ചെലവാക്കി ; എന്തുതുകയുടെ വരുമാനം ലഭിച്ചു ; വ്യക്തമാക്കുമോ ;

(സി) വരുമാനം ഏതെല്ലാം വകുപ്പുകളിൽ നിന്നാണ് ; ഓരോ വകുപ്പിലും ലക്ഷ്യമിട്ട തുക എത്ര ; നാളിതുവരെ എത്ര തുക പിരിഞ്ഞുകിട്ടി, വകുപ്പു തിരിച്ച് വ്യക്തമാക്കുമോ ;

(ഡി) വരുമാനം കുറഞ്ഞത് കാരണം സർക്കാർ പ്രവർത്തനങ്ങൾക്കായി നടപ്പുവർഷം ഏതെല്ലാം സ്ഥാപനങ്ങൾ, ബാങ്കുകൾ, രാജ്യാന്തര സ്ഥാപനങ്ങൾ തുടങ്ങിയവകളിൽ നിന്നും എന്തുതുക കടം വാങ്ങിയിട്ടുണ്ട് ; വിശദമാക്കുമോ ;

(ഇ) സർക്കാർ കഴിഞ്ഞ ഓണം/ക്രിസ്തുമസ് കാലത്ത് ചെലവുകൾക്കായി എന്തുതുക എവിടെനിന്നെല്ലാം കടമെടുത്തു ; വിശദാംശം വ്യക്തമാക്കുമോ ;

(എഫ്) ഇത്തരത്തിൽ കടമെടുക്കേണ്ട സാഹചര്യത്തിന് കാരണമായ സാമ്പത്തിക പ്രതിസന്ധി ഉണ്ടാകാൻ കാരണം പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ജി) നടപ്പുവർഷം ഓരോ മാസവും ഉണ്ടായിരുന്ന നീക്കിയിരിപ്പ് തുക എത്ര ; ആവശ്യം വേണ്ടുന്ന തുക എത്ര ; വ്യക്തമാക്കുമോ ?

**ഉത്തരം**

(എ) നടപ്പ് സാമ്പത്തികവർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം പ്രതീക്ഷിക്കുന്ന ആകെ റവന്യൂ വരുമാനം 58057.87 കോടി രൂപയും, പ്രതീക്ഷിക്കുന്ന ആകെ ചെലവ് 70076.34 കോടി രൂപയും (തനി ചെലവ്) ആണ്.

(ബി) പ്രാഥമിക കണക്കുകൾ പ്രകാരം 2013 നവംബർ 30 വരെ ലഭിച്ച ആകെ റവന്യൂ വരുമാനം 30154.46 കോടി രൂപയും ആകെ ചെലവ് 35199.79 (തനി) കോടി രൂപയുമാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.